"ഭരണഭാഷ- മാതൃഭാഷ"

**വിവര പൊതുജന സമ്പർക്ക (ഇ) വകുപ്പ്**
**വിവര പൊതുജന സമ്പർക്ക വകുപ്പ് ഡയറക്ടറുടെ നടപടിക്രമം**
**(ഹാജർ:സുഭാഷ് ടി വി ഐ.എ.എസ്)**

നമ്പർ.ഇ1/49/2023/ഐ&പി.ആർ.ഡി. തിരുവനന്തപുരം (04-08-2023)

---

വിഷയം:- വിവര പൊതുജന സമ്പർക്ക വകുപ്പ്-വിവര പൊതുജന സമ്പർക്ക വകുപ്പിന്റെ പ്രതിവാര ടെലിവിഷൻ പരിപാടിയായ 'പ്രിയകേരളം', റേഡിയോ പരിപാടിയായ 'ജനപഥം', ഇൻഫോ വീഡിയോകൾ എന്നിവയുടെ നിർമ്മാണവുമായി ബന്ധപ്പെട്ടുള്ള പ്രൊഡക്ഷൻ അസ്സിസ്റ്റന്റുമാരുടെ പാനൽ രൂപീകരിച്ച് അംഗീകൃത പീസ് റേറ്റ് അടിസ്ഥാനത്തിൽ ആവശ്യാനുസരണം ജോലിക്കു നിയോഗിച്ചു ഉത്തരവാകുന്നു.

സൂചന: - 1.13.11.2021-ലെ ഇ1/138/2018-ഐ&പി.ആർ.ഡി നമ്പർ നടപടിതീർപ്പ്
2.08.05.2023-ലെ ഇൻഫർമേഷൻ ഓഫീസർ (പ്രോഗ്രാം പ്രൊഡ്യൂസർ) ന്റെ കുറിപ്പ്
3. 23.06.2023-ലെ സ.ഉ(സാധാ) നം.62/2023/ഐ&പി.ആർ.ഡി
4. 06.07.2023-ലെ ഇതേ നമ്പർ നടപടി ക്രമം
5.25.07.2023-ലെ ഇൻഫർമേഷൻ ഓഫീസർ (പ്രോഗ്രാം പ്രൊഡ്യൂസർ) ന്റെ കുറിപ്പ്

<u>ഉത്തരവ്</u>

സർക്കാരിന്റെ ഭരണനേട്ടങ്ങളും വിവിധ പദ്ധതികളുടെ വിശദവിവരങ്ങളും ഉൾക്കൊള്ളിച്ചു കൊണ്ടുള്ള വിവര പൊതുജന സമ്പർക്ക വകുപ്പിന്റെ പ്രതിവാര വാർത്താധിഷ്ഠിത പരിപാടികളായ 'പ്രിയകേരളം', റേഡിയോ പരിപാടിയായ 'ജനപഥം', ഇൻഫോ വീഡിയോകൾ എന്നിവയുടെ നിർമ്മാണത്തിനും റിസർച്ചിനുമുള്ള പ്രൊഡക്ഷൻ അസിസ്റ്റമാരുടെ സൂചന (1) പ്രകാരമുള്ള പാനലിലെ ഒരാളെ നിലനിർത്തിക്കൊണ്ടു പാനൽ പുതുക്കുന്നതിനായി സൂചന (2) പ്രകാരം ഇൻഫർമേഷൻ ഓഫീസർ (പ്രോഗ്രാം പ്രൊഡ്യൂസർ) അഭ്യർത്ഥിച്ചതിന്റെ അടിസ്ഥാനത്തിൽ പത്രപരസ്യം/പത്രക്കുറിപ്പ് മുഖേന അപേക്ഷ ക്ഷണിച്ചിരുന്നു. ലഭ്യമായ 54 അപേക്ഷകൾ പരിശോധിച്ചു എഴുത്തുപരീക്ഷ, മുഖാമുഖം എന്നിവ നടത്തുന്നതിലേക്കായി സൂചന (4) പ്രകാരം വകുപ്പുതല സമിതി രൂപീകരിച്ചു ഉത്തരവായിരുന്നു.

2. നിലവിലുള്ള പാനലിലെ അമൃത യു.എസ്.നെ നിലനിർത്തിക്കൊണ്ടു 2023 ജൂലൈ 16-നു തിരുവനന്തപുരം ഗവ. കോട്ടൺഹിൽ ഹയർ സെക്കണ്ടറി സ്‌കൂളിൽ വച്ച് നടത്തിയ എഴുത്തു പരീക്ഷയുടെയും വഴുതയ്ക്കാടുള്ള ടാഗോർ തീയേറ്ററിൽ വച്ച് നടന്ന മുഖാമുഖത്തിന്റെയും അടിസ്ഥാനത്തിൽ പങ്കെടുത്ത 20 പേരിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട ആദ്യത്തെ 9 റാങ്കുകാരെ ഉൾപ്പെടുത്തി പുതിയ പാനൽ രൂപീകരിക്കാവുന്നതാണെന്നു സൂചന (5) പ്രകാരം ഇൻഫർമേഷൻ ഓഫീസർ അഭ്യർത്ഥിച്ചിട്ടുണ്ട്.

4. ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെയടിസ്ഥാനത്തിൽ വിവര പൊതുജന സമ്പർക്ക

വകുപ്പിന്റെ പ്രതിവാര ടെലിവിഷൻ പരിപാടിയായ 'പ്രിയകേരളം', റേഡിയോ പരിപാടിയായ 'ജനപഥം', 'ഇൻഫോ വീഡിയോകൾ' എന്നിവയുടെ നിർമ്മാണവുമായി ബന്ധപ്പെട്ടുള്ള പ്രൊഡക്ഷൻ അസ്സിസ്റ്റന്റുമാരുടെ പാനലിലേയ്ക്ക് നിലവിലുള്ള പാനലിലെ അമൃത. യു.എസ്.നെ നിലനിർത്തിക്കൊണ്ടു 2023 ജൂലൈ 16-നു നടന്ന എഴുത്തു പരീക്ഷയുടെയും മുഖാമുഖത്തിന്റെയും അടിസ്ഥാനത്തിൽ തെരഞ്ഞെടുക്കപ്പെട്ട ആദ്യത്തെ 9 റാങ്കുകാരെ ഉൾപ്പെടുത്തി പുതിയ പാനൽ രൂപീകരിച്ച് അംഗീകൃത ഫീസ് റേറ്റ് അടിസ്ഥാനത്തിൽ ആവശ്യാനുസരണം ജോലിക്കു നിയോഗിച്ച് ഉത്തരവാകുന്നു.

| SI No | Name | Address | Rank |
|---|---|---|---|
| 1 | Remya Rajan | Kizhavana (H)<br>CSM Nagar, Edapazhanji,<br>Thiruvananthapuram | I$^{st}$ |
| 2 | Reju R. Nair | Reji Bhavan,Koliyakode<br>Koliyakode, Thiruvanathapuram,<br>Pin-695 607. | 2$^{nd}$ |
| 3 | Veena M. B | Kunnil Veedu,<br>Thalikkuzhi, Vamanapuram Village,<br>Thalikkuzhi P.O., Pulimath<br>Thiruvananthapuram, Pin - 695 612. | 3$^{rd}$ |
| 4 | Vinny U. P | Urumbil House<br>Amarakuni P.O<br>Pulpally, Wayanad | 4$^{th}$ |
| 5 | Bhavana Radhakrishnan | Krishna Vilasam<br>Poovathoor P.O<br>Koipuram,<br>Pathanamthitta | 5$^{th}$ |
| 6 | Miliya Sebastian | Varikkamakkal House,<br>Pulppally, Wayanad, Pin-673 579. | 6$^{th}$ |
| 7 | Aneesh S. Kumar | Kaliyalveedu<br>perinjamkadavu<br>Kattakada<br>Neyyardam P.O.,<br>Thiruvananthapuram<br>Pin-695 572. | 7$^{th}$ |
| 8 | Geevarghese M. Thomas | Thottu Mukkathu House<br>P.P.M P.O, Punalur, Kollam,<br>Pin- 691 332. | 8$^{th}$ |
| 9 | Deepthi T.V | Thuluvan veedu<br>Cheruvichery<br>Mathamangalam P.O., Kannur<br>Pin- 670 306. | 9$^{th}$ |

സുഭാഷ് ടി വി ഐ.എ.എസ്

ഡയറക്ടർ

ബന്ധപ്പെട്ട വ്യക്തികൾക്ക് (ഇൻഫർമേഷൻ ഓഫീസർ (പ്രോഗ്രാം പ്രൊഡ്യൂസർ മുഖാന്തരം)

അഡീഷണൽ ഡയറക്ടർ (ഇ.എം.ഡി)

ഡെപ്യൂട്ടി ഡയറക്ടർ (വി.സി)
ഇൻഫർമേഷൻ ഓഫീസർ (പ്രോഗ്രാം പ്രൊഡ്യൂസർ/പ്ലാനിംഗ്)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.